കസ്റ്റഡി-ജയിൽ മരണങ്ങൾ

132 [89] *ഡോ. തോമസ് ഐസക്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ പോലീസ് കസ്റ്റഡിയിലും, ജയിലിലുമായി ആരെങ്കിലും മരണമടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കസ്റ്റഡി മരണങ്ങൾക്കും ജയിൽ മരണങ്ങൾക്കും ഉത്തരവാദികളായവർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ എത്ര ജയിൽ തടവുകാർ ആശുപത്രിയിൽ വച്ച് മരണമടഞ്ഞിട്ടുണ്ട്;

(ഇ) ചോദ്യം ചെയ്യലിന് അറസ്റ്റുചെയ്ത പ്രതികളിൽ എത്രപേർ റിമാന്റിൽ മരണമടഞ്ഞിട്ടുണ്ട്; എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(എഫ്) ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു;

(ജി) പരാതികളുടെ അടിസ്ഥാനത്തിൽ എത്തെല്ലാം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ പോലീസ് കസ്റ്റഡിയിൽ 17 പേരും, ജയിലിൽ പ്രഡേശിപ്പിക്കപ്പെട്ട 174 തടവുകാരും മരണമടഞ്ഞിട്ടുണ്ട്.

(ബി) പോലീസ് കസ്റ്റഡി മരണം സംബന്ധിച്ച് 17 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തടവുകാരുടെ മരണം സംബന്ധിച്ച് വകുപ്പുതലത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല.

(സി) പോലീസ് കസ്റ്റഡി മരണം സംബന്ധിച്ച് ഉത്തരവാദികളായവർക്കെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 166 പേർ ആശുപത്രിയിൽ വച്ച് മരണമടഞ്ഞിട്ടുണ്ട്;

(ഇ) പോദ്യം ചെയ്യലിന് അറസ്റ്റുചെയ്തവരിൽ ആരും പിന്നീട് മരണപ്പടയുകയോ, ആത്മഹത്യചെയ്യുകയോ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(എഫ്) & (ജി) ഉത്തരം (ഇ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോക്കറ്റ് മർദ്ദനവും മരണവും

133 [90] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ*: താഴെ കാണുന്ന പോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ പോക്കറ്റ് മർദ്ദനം സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) എത്രപേർ പോക്കറ്റിൽ വച്ച് മരണമടഞ്ഞിട്ടുണ്ട്; ഇതു സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പോക്കറ്റ് മർദ്ദനത്തിനിരയായവരിൽ എത്ര പേർ ആശുപത്രികളിലും വീടുകളിലുമായി മരണമടഞ്ഞിട്ടുണ്ട്;

(ഡി) പോക്കറ്റ് മർദ്ദനത്തെത്തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; ഇല്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-5-2005 വരെ പോക്കറ്റ് മർദ്ദനം സംബന്ധിച്ച 76 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പോക്കറ്റിൽവച്ച് ആരും തന്നെ മരണപ്പെട്ടിട്ടില്ല.

(സി) പോക്കറ്റ് മർദ്ദനത്തിനിരയായവർ ആശുപത്രികളിലും വീടുകളിലും വച്ച് മരണമടഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) പോക്കറ്റ് മർദ്ദനത്തെത്തുടർന്ന് ആരും ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly